**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ആശ്രിത നിയമനം - തൃശൂർ നഗരസഭയിൽ കണ്ടിജന്റ് വർക്കർ ആയിരിക്കവെ മരണമടഞ്ഞ കെ.കെ. ജോണിയുടെ മകൾ ശ്രീമതി. ജിജി ജോണി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു

.=====================================================================

**തദ്ദേശ സ്വയംഭരണ (ഇ യു) വകുപ്പ്**

സ.ഉ.(സാധാ) നം. 70/2014/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.01.2014

=====================================================================

പരാമർശം:- ശ്രീമതി ജിജി ജോണി 12.06.2013-ൽ സമർപ്പിച്ച നിവേദനം.

**<u>ഉത്തരവ്</u>**

തൃശൂർ നഗരസഭയിൽ കണ്ടിജന്റ് വർക്കറായി ജോലി നോക്കി വരവെ 11.08.2004-ൽ മരണമടഞ്ഞ കെ.കെ. ജോണിയുടെ മകൾ ശ്രീമതി.ജിജി ജോണി ആശ്രിത നിയമനത്തിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്ന് പരാമർശ പ്രകാരം അപേക്ഷിക്കുകയുണ്ടായി. 11.08.2004-ൽ മരണമടഞ്ഞ കെ.കെ. ജോണിയുടെ മകൾ ശ്രീമതി.ജിജി ജോണി ആശ്രിത നിമനത്തിനായി 08.09.2009-ൽ അപേക്ഷ സമർപ്പിച്ചു. ടിയാൾ അപേക്ഷ സമർപ്പിക്കുന്നതിൽ ഏകദേശം 5 വർഷത്തോളം കാലതാമമുണ്ടായ സാഹചര്യത്തിൽ ടി അപേക്ഷ നിരസിക്കുകയുണ്ടായി. അവകാശത്തർക്കം സംബന്ധിച്ച് കോടതി കേസുകൾ ഉണ്ടായിരുന്നതിനാലാണ് ശ്രീമതി ജിജി ജോണിയ്ക്ക് യഥാസമയം ആശ്രിത നിയമനത്തിനായുള്ള അപേക്ഷ സമർപ്പിക്കുവാൻ കഴിയാതിരുന്നത് എന്നും ആയതിനാൽ അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കണമെന്നും പരാമർശ പ്രകാരം അപേക്ഷിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ തൃശൂർ നഗരസഭയിൽ കണ്ടിജന്റ് വർക്കറായിരിക്കവെ 11.08.2004-ൽ മരണമടഞ്ഞ കെ.കെ. ജോണിയുടെ മകൾ ശ്രീമതി. ജിജി ജോണി ആശ്രിത നിയമനം ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിക്കുന്നതിലുണ്ടായ കാലതാമസം മാപ്പാക്കി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

**എസ്. വേണുഗോപാലൻ നായർ,**
**ഡെപ്യൂട്ടി സെക്രട്ടറി.**

ശ്രീമതി. ജിജി ജോണി, കാഞ്ഞിര പറമ്പിൽ വീട്, അവന്നൂർ പി.ഒ., തൃശൂർ.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തൃശൂർ
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**